(ബി) വിവാഹ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രചരണം നടത്തുന്നതിനായിട്ടുള്ള പദ്ധതികൾ സി-ഡിറ്റുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി വഴി ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽക്കൂടി ഇതിനെതിരെ വ്യാപക പ്രചരണം നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ കേരള വനിതാ കമ്മീഷൻ മുഖാന്തരം സ്കൂൾ, കോളേജ് തലത്തിൽ കലാലയ ജ്യോതി എന്ന പേരിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും എല്ലാ ജില്ലകളിലും വിവാഹ പൂർവ്വ ബോധവൽക്കരണ ശില്പശാലകളും നടത്തിവരുന്നുണ്ട്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകിവരുന്ന പെൻഷൻ

275 (1700) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നിലവിൽ നൽകിവരുന്ന പെൻഷൻ സംബന്ധിച്ച വിവരം നൽകാമോ ;

(ബി) ഈ സർക്കാർ പെൻഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ;

(സി) പെൻഷൻ വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ; എത്ര മാസത്തെ കുടിശ്ശികയാണുള്ളത് ;

(ഡി) കുടിശ്ശിക നൽകുന്നതിനായി എന്ത് തുക വേണ്ടിവരും; ഇത് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 80%-ഉം അതിനുമുകളിലും വികലാംഗത്വമുള്ളവർക്ക് പ്രതിമാസം 1100 രൂപാ നിരക്കിലും മറ്റ് അംഗവൈകല്യമുള്ളവർക്ക് പ്രതിമാസം 800 രൂപ നിരക്കിലും പെൻഷൻ നൽകിവരുന്നു.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 300 രൂപയായിരുന്ന വികലാംഗ പെൻഷൻ ഇപ്പോൾ 800 രൂപയാണ്. 80%-വും അതിനുമുകളിലും അംഗവൈകല്യം ഉള്ളവർക്ക് നൽകിവരുന്ന പെൻഷൻ 2012 മുതൽ 700 രൂപയിൽ നിന്നും 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്, വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly